# നെന്മാണിക്യം

(നോവൽ–18)

ജോൺ ഇളമത

ചക്കിനുവെച്ചത് കൊക്കിനെന്നപോലെയായി. എറപ്പായി വന്നുകേറിയ പാടേ നെടുവീർപ്പോടെ പറഞ്ഞു.

ഒരു നീണ്ട യാത്രയ്ക്കു ശേഷം മട്ടാഞ്ചേരിയിൽ നിന്ന് മടങ്ങിവന്നതാണ്. മ്ലാനവദനനായിരുന്നു.

എന്തെക്കെയോ കുഴപ്പമുണ്ടെന്ന് പെമ്പള നിരുവിച്ചു.



നല്ല ഉത്സാഹത്തി പോയ ആളാ. പത്തംവയസ്സിതൊട്ട് കെട്ടിയോനെ അറിയാംതുടങ്ങിയതാ. ഒരേടത്തും തോറ്റുകൊടുക്കാത്ത മനുഷ്യൻ അറിവും ബോധജ്ഞാനോ ഒള്ളോൻ. ഒരു പാതിരീടേം... മെത്രാന്റേം മുമ്പി തോക്കുന്ന ആളല്ല.

എറപ്പായി വന്നപാടെ ഉടുത്തിരുന്ന ചുട്ടിക്കരയൻ മുണ്ടും രണ്ടാംമുണ്ടും മാറ്റി കച്ചത്തോർത്തുടുത്തു. പൊക്കംകുറഞ്ഞ ചാരുന്ന ചൂരൽക്കസേരയിൽ തല പൊക്കി കിടന്നു. രാമച്ചവിശറികൊണ്ട് വീശി ഉഷ്ണമകറ്റി.

മാത്തിരി വെറ്റിലച്ചെല്ലം അദ്ദേഹത്തിന്റെ മുമ്പിലേക്ക് നീക്കിവച്ച്, സമീപത്തു നിലത്തുചടഞ്ഞിരുന്നു.

എന്തേ ഒരുമൗനം?

ആശ്വസിപ്പിക്കനെന്നോണം അവർ ചോദിച്ചു.

അദ്ദേഹം നിവർന്നിരുന്നു മുറുക്കാൻ ചെല്ലം തുറന്നു. തളിർവെറ്റിലയുടെ നാമ്പുകൾ നുള്ളി ചുണ്ണാമ്പുതേക്കാൻ തുടങ്ങിക്കൊണ്ട് സങ്കടങ്ങൾ നിരത്തി.

മാർ അഹാത്തുള്ള മെത്രാനെ കടലി കെട്ടിത്താഴ്ത്തി എന്നും അല്ല യൂരോപായിലേക്ക് ബലമായി കപ്പലുകയറ്റി കൊണ്ടോയി എന്നുമൊക്കെ പറഞ്ഞല്ലേ യോഗം ചേരാൻ മട്ടാഞ്ചേരിക്കു പോയത്?

എന്നിട്ട്– മാത്തിരി ഉദ്വേഗത്തോടെ ഇരുന്നു:

ആർക്കറിയാം മെത്രാന് എന്തോന്നാ സംഭവിച്ചതെന്ന്! പറങ്കിമെത്രാനും സാമ്പളൂർ പാതിരിമാരും ആ രഹസ്യം മൂടിവച്ചിരിക്കയാ.

ഒടുവി തീരുമാനിച്ചു. ഇവന്മാരെ കീഴില് ഇനി ഇരിക്കത്തില്ലെന്ന്.

ഞാനാണാ സംഗതി സമക്ഷത്തു കൊണ്ടുവന്നത്. ഒടുവി എല്ലാർക്കും അതു സമ്മതമായി.

അങ്ങനെ ഞങ്ങളവിടെ കൂനൻകുരിശിൽ ആലാത്തുകെട്ടി അതേപ്പിടിച്ചു കൂട്ടശപഥം നടത്തി. ഒന്നും രണ്ടും പേരൊന്നുമല്ല എത്തീത്. ഇരുപത്തയ്യായിരത്തിലേറെ തെക്കുന്നും വടക്കുന്നൂം ആളെത്തി.

ലത്തീൻ മെത്രാനും സാമ്പളൂർ പാതിരിമാരും നടുങ്ങിപ്പോയി.

എന്തായിരുന്നു ശപഥം? സന്തതി ഒള്ളോടത്തോളം കാലം സാമ്പളൂർ പാതിരിമാരുടെ കീഴിലിരിക്കത്തില്ലെന്ന്.

കടുത്തുരുത്തീന്നും അങ്കമാലിന്നും കൊറവലങ്ങാട്ടുനിന്നും കല്ലിശ്ശേരീന്നുമൊക്കെ സുറിയാനി കത്തനാമ്മാരും മല്പാപ്പാന്മാരും എത്തിരുന്നു. പേരുകേട്ടവർ. ചാണ്ടിക്കത്തനാര്, ഗീവറിതുകത്തനാര്, ഇട്ടിതൊമ്മൻ കത്തനാര് മൊതലുപേര്.

ആലാത്തെ പിടിച്ചു ശപഥം ചെയ്ത ഞങ്ങള് മാർതോമാ ആർച്ചുഡീക്കനെ സഭാനേതാവാക്കി.

അദ്ദേഹം തന്നാരുന്നല്ലോ മുമ്പും.

പോർത്തുഗീസും വന്നപ്പം തരംതാഴ്ത്തീല്ലേ?

ഇനീം നമക്ക് കൽദായമര്യാദതന്നെ തിരിച്ചുകിട്ടും. അല്ലേ?

പറയട്ടെ, എന്നിട്ട് ആലങ്ങാട്ടുവച്ച് പന്ത്രണ്ട് കല്പാമ്മാരുകൂടി തലേ കൈവച്ച് മാർതോമാ ആർച്ചുഡീക്കനെ വാഴിച്ചു.

അപ്പോ വന്നിരിക്കുന്നു ഏടാകൂടം. അവന്മാര് ഗോവേലോട്ട് ഗാർസ്യമെത്രാപ്പോലീത്തെ അറീച്ചു. അവിടന്നു റോമീന്നു വന്ന ഒരു കർമലീത്താ പാതിരി എത്തി. സെബാസ്ത്യാനി അദ്ദേഹം അവരടാളാരുന്നു. അദ്ദേഹം വന്ന് ആർച്ചുഡീക്കനെ മഹറോൻ ചൊല്ലി പകരം ആലോചനക്കുവന്ന ചാണ്ടിക്കത്തനാരെ കൊറവലങ്ങാട്ട് മെത്രാനായി വാഴിച്ചു.

സംഗതി പിളർന്നെന്നു പറഞ്ഞാ മതി. നിത്യമായ പിളർപ്പ്. ആർക്കാപോയത്? മലങ്കര മാർതോമാ നസ്രാണികൾക്ക്. ഇതു വേണ്ടാരുന്നെന്ന് ഇപ്പോ തോന്നുന്നു. എറപ്പായി നിരാശനായി. ഒരു മൗനത്തിനുശേഷം എറപ്പായി തുടർന്നു.

അവരുദ്ദേശിച്ചതു നടത്തി.

എന്നാ അവരുടേം ഗതി ഇതുതന്നായി. കൊച്ചീം കൊടുങ്ങല്ലൂരും ലന്തക്കാരു പിടിച്ചു. വേഗം സ്ഥലം വിട്ടോളാൻ പറങ്കികളോട് കല്പിച്ചിരിക്കാ.

എന്നിട്ടു കേക്കണോ മാർതോമാ ആർച്ചുഡീക്കനും വാശിക്കാരനാ. യരുശലേമിന്ന് ഒരന്ത്യോക്യൻ മെത്രാൻ മാർ ഗ്രിഗോറിയോസ് മജീദ് കൊടുങ്ങല്ലൂരെത്തിരുന്നു. യാക്കോബായ മെത്രാൻ അദ്ദേഹത്തിന്റൊപ്പം കൂടി. അദ്ദേഹം ഇവിടത്തെ അന്ത്യോക്യൻ സുറിയാന സഭേടെ മെത്രാനായി ആർച്ചുഡീക്കന് പട്ടം കൊടുത്തു വാഴിച്ചു.

അപ്പൊ സംഗതി ഒന്നുതീർപ്പായല്ലോ.

ഒത്തുതീർപ്പല്ല. രണ്ടായി. ചാണ്ടിമെത്രാന്റെകൂടെ നിന്നോരു പഴേ കൽദായ മര്യാദ സ്വീകരിച്ചു. പഴേ കുറ്റും. ആർച്ചുഡീക്കന്റെ കൂടെ നിന്നോണ് അന്ത്യോക്യൻ മര്യാദ സ്വീകിച്ച് പുത്തൻ കുറ്റുമായി. മലങ്കര നസ്രാണി സഭ രണ്ടായി. രണ്ടിടയന്റെ കീഴിൽ.

ഈ മുറിവിനി കൂടുമോ? മാർതോമാസ്ലീഹാ സ്ഥാപിച്ച സഭ രണ്ടായിപ്പോയി. ഇങ്ങനെ ഒരു തിരിവുണ്ടാകുമെന്ന് ആരുകരുതി? എങ്കിലും പറങ്കികളിതു ചെയ്തേച്ചു പോയല്ലോ.

നമ്മടെ ആളുകടേം കുറ്റം ഒണ്ട്. ഒന്നിച്ചു നിന്നിരുന്നേ ഇതു പറ്റമാരുന്നോ?

എന്തോന്നു നീയി പറേണത്. എങ്ങനൊന്നിച്ചുനിക്കാം പറ്റും? മാർതോമാ ഡീക്കന്റെ പട്ടം അവരു ശരിവച്ചിരുന്നെങ്കിൽ കൊഴപ്പം വരത്തില്ലായിരുന്നു. മൊടക്കിയതാ പിളർപ്പിനു കാരണം. ങാ, അല്ലങ്കി അവർക്കെന്തോകു ചേതം! പറ്റീത് നമ്മക്കല്ലേ?

അഹാത്തൊള്ള മെത്രാനെകൂട്ടി അവരു തട്ടിക്കൊണ്ടുപോയില്ലേ. അവർക്കു പട്ടാളോം തോക്കുമൊണ്ട്. ഏതു മിടുക്കനേം വെരട്ടി നിർത്താം. പിന്നെ രോമായിലൊക്കെ അവർക്കു സ്വാധീനം. മലയാളത്തെ സസ്രാണിമാരെ തെറ്റിദ്ധിപ്പിച്ചാണ് അവര് മിടുക്കമ്മാരാകുന്നത്. ഇവിടെ ബിംബാരാധനയാ കല്ലും മണ്ണും തീയും വണങ്ങുന്ന പിശാചുസേവക്കാരാ എന്നൊക്കൊ പറഞ്ഞു.

ഇതൊക്കെ മാർതോമാ പഠിപ്പിച്ചതിനെതിരല്ലേ? ഇതാണോ ക്രിസ്തു പഠിപ്പിച്ച മാർഗ്ഗം?

എന്താ തർക്കം..? അധികാരോം സമ്പത്തും ഒണ്ടേ ദൈവത്തേ മറക്കും. പിന്നെ ചെകുത്താന്റെ പ്രമാണമാകും അവരടെ വേദപ്രമാണം!

പിളർപ്പിന്റെ മുറിവ് എറപ്പായിയെ കീറിമുറിച്ചു. സഭയെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാനാണ് ആഗ്രഹിച്ചത്. ശിഥിലമായ മനോവേദന അദ്ദേഹത്തെ വേട്ടയാടി.

അതിനുവേണ്ടി ഒരു ജീവിതമുഴിഞ്ഞുവെച്ചതാണ്. നീതിയും ന്യായവുമില്ലാത്ത ക്രൂരമായ ലോകത്തിന്റെ മറ്റൊരു മുഖത്ത് തലചായ്ച്ച് എറപ്പായി ഒരു തലമുറയുടെ ധീരമായ ചരിത്രത്തിൽ നിന്ന് മാഞ്ഞുപോയി.

(തുടരും..)

***************************